(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ മായം ചേർത്തതിനെതിരായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എവിടെയെല്ലാം; ഇതിൽ എത്ര കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(ബി) മദ്യത്തിൽ മായം ചേർക്കുന്നത് പരിശോധിക്കാനായി എത്ര മിന്നൽ പരിശോധനകൾ ഉദ്യോഗസ്ഥൻമാർ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ തന്നെ ചാരായത്തിൽ കളർ ചേർത്ത് ബാറുകളിൽ വില്ക്കുന്നതായി എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) മദ്യത്തിൽ മായം ചേർത്താൽ ഏതെല്ലാം നിയമമനുസരിച്ച് കേസ്സെടുക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിൽ മായം ചേർത്തതിനെതിരായി സംസ്ഥാനത്ത് 204 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഇതിൽ 107 കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം	-	62
കൊല്ലം	-	66
ആലപ്പുഴ	-	11
പത്തനംതിട്ട	-	29
കോട്ടയം	-	19
എറണാകുളം	-	2
തൃശ്ശൂർ	-	3
മലപ്പുറം	-	9
പാലക്കാട്	-	2
കാസർഗോഡ്	-	1

(ബി) 10575 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) അബ്കാരി ആക്ട് 57.57 (എ) എന്നീ വകുപ്പുകൾ അനുസരിച്ച് കേന്ദ്ര നിയമമായ നാർക്കോട്ടിക് ഡ്രഗസ് ആന്റ് സൈക്കോട്രോപിക് അസിസ്റ്റൻസ് ആക്ട് 1985 അനുസരിച്ചും കേസ്സ് എടുക്കാവുന്നതാണ്.

27 (*237) പുഷ്പ-ഫല-സസ്യ സംഭരണ സംഘങ്ങൾ തുടങ്ങാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1133/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി, പുഷ്പകൃഷി എന്നിവ വിജയപ്രദമാക്കുന്നതിനുവേണ്ടി ഉൽപന്ന സംഭരണത്തിനും വിപണനത്തിനുമായി പുഷ്പ-ഫല-സസ്യ സംഭരണ സംഘങ്ങൾ പഞ്ചായത്തു തലത്തിനും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും തുടങ്ങാൻ പദ്ധതിയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സംഘങ്ങൾ തുടങ്ങുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) പച്ചക്കറിക്ക് ഇപ്പോൾ തന്നെ ബ്ലോക്കുതല സംഭരണ വിപണന കേന്ദ്രങ്ങൾ ഉണ്ട്. പഞ്ചായത്തുതലത്തിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. വ്യാവസായികാടിസ്ഥനത്തിൽ പൂകൃഷി എന്ന പദ്ധതി പ്രകാരം, ഫ്ളോറി ക്ലബ്ബുകളിൽ നിന്നും പൂക്കൾ സംഭരിച്ച് വിപണനം നടത്തുന്നതിന്റെ ചുമതല കേരള സ്റ്റേറ്റ് ഹോർട്ടി കൾച്ചറൽ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്.

28 (*238) കാർഷിക നയം

ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച കാർഷിക നയം തന്നെയാണോ ഈ സർക്കാരും പിൻതുടരുന്നത് എന്നറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇപ്പോഴത്തെ സർക്കാർ അംഗീകരിച്ചിരിക്കുന്ന കാർഷിക നയം സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കണമെന്ന ആവശ്യം സർക്കാർ നയമായി അംഗികരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കാർഷിക വിളകൾക്കാണ് തറവില നിശ്ചയിച്ചിട്ടുള്ളതെന്നും എന്തു വിലയാണെന്നും വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) തികച്ചും വ്യത്യസ്തമായ ഒരു കാർഷിക നയമാണ് ഗവൺമെന്റ് കൈക്കൊണ്ടുവരുന്നത്. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഗുണകരമാകുകയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷയിലേയ്ക്ക് എത്തിക്കുക എന്ന നയമാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. കേരളത്തിന് അനുയോജ്യമായ ഒരു കാർഷികനയം രൂപീകരിക്കുവാൻ ഡോ. എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര കമ്മീഷൻ നിയമിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് താമസംവിനാ നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്.

(സി)&(ഡി) കാർഷിക ഉല്പന്നങ്ങൾക്കും തറവില നിശ്ചയിക്കണമെന്നു തന്നെയാണ് ഗവൺമെന്റ് നയം. എന്നാൽ തറവില നിശ്ചയിച്ച് പ്രഖ്യാപിക്കുന്നതു കേന്ദ്രഗവൺമെന്റാണ്. നെല്ലിനു പുറമേ കേരളത്തിൽ നിന്നും തറവില നിശ്ചയിച്ചിട്ടുള്ള ഏക കാർഷിക ഉല്പന്നം കൊപ്രയാണ്. റബ്ബറിന്

LIBRARY ARCHIVES Kerala Legislative Assembly